# കെ എം ആർ എൽ ആക്സിസ് ബാങ്ക് 'കൊച്ചി 1' കാർഡുകൾക്കുള്ള വ്യവസ്ഥകളും നിബന്ധനകളും

ഈ വിശദമായ വ്യവസ്ഥകളും നിബന്ധനകളും കോ–ബ്രാൻഡിംഗ് ആന്റ് ഡിസ്ട്രിബ്യൂഷൻ പാർട്നറായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി ('കെ.എം.ആർ.എൽ') ചേർന്ന് ആക്സിസ് ബാങ്ക് ലിമിറ്റഡ് ('ആക്സിസ് ബാങ്ക്') നൽകുന്ന കെ എം ആർ എൽ ആക്സിസ് ബാങ്ക് 'കൊച്ചി 1' കാർഡ് ('കാർഡ്') ഫസിലിറ്റിയുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനും, കാർഡുടമയും ബാങ്കും തമ്മിലുള്ള പൂർണ്ണമായ കരാർ രൂപീകരിക്കുന്നതിനുമുള്ളതും, അതിനു വിധേയമായി ആക്സിസ് ബാങ്ക് കാർഡ് നൽകുന്നതുമാണ്.

ഈ വ്യവസ്ഥകളും നിബന്ധനകളുമായി ബന്ധപ്പെട്ട്:

- എല്ലാ പരാമർശങ്ങളിലും ഏക വചനങ്ങളിൽ ബഹുവചനവും പുല്ലിംഗ പരാമർശങ്ങളിൽ സ്ത്രീലിംഗവും ഉൾപ്പെടുന്നതായിരിക്കും.
- എല്ലാ വ്യവസ്ഥാ ശീർഷകങ്ങളും സൗകര്യത്തിനു മാത്രമുള്ളതും ആപേക്ഷികമായ വ്യവസ്ഥയുടെ അർത്ഥത്തെ ബാധിക്കാത്തതുമായിരിക്കും.
- ഇവിടെ കൊടുത്തിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾ നിയമ വിരുദ്ധമോ, അസാധുവോ ആണെനു കണ്ടെത്തുകയോ അല്ലെങ്കിൽ, തക്കതായ അധികാരപരിധിയിലുള്ള കോടതി റദ്ദാക്കുകയോ ചെയ്താൽ അത്തരത്തിലുള്ള വ്യവസ്ഥ, ഇവിടെ നിന്ന് നീക്കം ചെയ്യപ്പെടുകയും ശേഷിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും പ്രാബല്യത്തിൽ തുടരുകയും ചെയ്യും

## നിർവചനങ്ങൾ:

1. 'ബാങ്ക്', 'ആക്സിസ് ബാങ്ക്', എന്നിവ കൊണ്ട് ആക്സിസ് ബാങ്ക് ലിമിറ്റഡ്, അതിന്റെ പിൻതുടർച്ചക്കാർ, നിയുക്തർ, പ്രതിനിധികൾ, സബ്സിഡിയറികൾ, അഫിലിയേറ്റുകൾ എന്നിവയെ അർത്ഥമാക്കുന്നു.
2. 'കെ എം ആർ എൽ' എന്നതുകൊണ്ട് മേൽപറഞ്ഞ കാർഡ് പ്രോഗ്രാമിൽ, കമ്പനി (അതിന്റെ പിന്തുടർച്ചക്കാരും നിയുക്തരും ഉൾപ്പെടെ), അതായത്, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും, ആക്സിസ് ബാങ്കിന്റെ കോ–ബ്രാൻഡിംഗ് പാർട്ട്ണറായി ഏർപ്പെട്ടിരിക്കുന്നതുമായ കമ്പനിയാണ്.
3. 'കാർഡ്', 'സ്മാർട്ട് കാർഡ്', 'കൊച്ചി1 കാർഡ്', 'പ്രീപെയ്ഡ് കാർഡ്' എന്നിവ കൊണ്ട് കെ.എം.ആർ.എൽ ആക്സിസ് ബാങ്ക് 'കൊച്ചി 1' കാർഡിനെയാണ് സൂചിപ്പിക്കുന്നത്. കോ ബ്രാൻഡിംഗ് വിതരണ പങ്കാളി എം/എസ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) സഹകരണത്തോടെ ആക്സിസ് ബാങ്ക് വിതരണം ചെയ്യുന്ന റുപെയ് എനേബിൾഡ് ഡൊമസ്റ്റിക് പ്രീപെയ്ഡ് കാർഡാണ് ഇത്.
4. 'കാർഡ് ഉടമ', 'നിങ്ങൾ', 'നിങ്ങൾ', 'നിങ്ങളുടെ', 'അദ്ദേഹം', തുടങ്ങിയ സർവ്വനാമങ്ങൾ ഇവിടെ വ്യക്തമാക്കുന്ന സാഹചര്യത്തിൽ കെ.എം.ആർ.എൽ ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡ് ഉപഭോക്താവിനെ പരാമർശിക്കുകയും, ഇദ്ദേഹത്തിന് പ്രസ്തുത കാർഡ് കൈവശം വയ്ക്കുന്നതിനും ഉപയോഗിക്കുന്നതിനും അനുമതി ലഭിച്ചിട്ടുള്ളതുമാണ്. കാർഡ് ഉടമ എന്ന വിശേഷണത്തിൽ എല്ലാ ലിംഗഭേദത്തിൽ പെട്ടവരും ഉൾപ്പെടുന്നതാണ്.
5. 'എ ടി എം' എന്നത് ഇന്ത്യയിൽ ഓട്ടോമേറ്റഡ് ടെല്ലർ മെഷിനെയാണ് സൂചിപ്പിക്കുന്നത്
6. 'ലഭ്യമായ തുക' എന്നത് ഒരു കാർഡിനോട് ബന്ധപ്പെട്ടിരിക്കുന്നെങ്കിൽ, കാർഡിലെ ഉപയോഗത്തിനായി ഒരു നിശ്ചിത സമയത്ത് ലഭ്യമായ തുക ആണ്, കാർഡ് അക്കൗണ്ടിൽ നിക്ഷേപിച്ച തുക (തുകകൾ) ഇനിപ്പറയുന്നതുപോലെ കുറഞ്ഞുകൊണ്ടിരിക്കും:
   a) ഇടപാട്(കൾ)ക്കായി, കാർഡ് ഉപയോഗിച്ച് ഉപയോഗപ്പെടുത്തുന്ന തുക (തുകകൾ)
   b) കാർഡ് അക്കൗണ്ടിൽ നിന്ന് ബാങ്ക് ഈടാക്കുന്ന ഫീസ്, ചെലവുകൾ, നിരക്കുകൾ
7. 'പിൻ' എന്നാൽ പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ. (എടിഎമ്മുകൾ ഉപയോഗിക്കുന്നതിനും ഏതെങ്കിലും റുപേ പ്രാപ്തമായ പോയിന്റ് ഓഫ് സെയിൽ (പിഒഎസ്)/കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കാർഡ് ഉപയോഗത്തിനും ആവശ്യമുണ്ട്). ആക്സിസ് ബാങ്ക് കാർഡ് ഉടമകൾക്ക് അനുവദിച്ചു നൽകുന്ന പിൻ,

നഷ്ടപ്പെടുകയോ മറന്നു പോകുകയോ ചെയ്യുന്ന സാഹചര്യത്തിലോ അല്ലെങ്കിൽ സുരക്ഷാ കാരണങ്ങളാലോ കാർഡ് ഉടമയ്ക്ക് പുനഃസജ്ജീകരിക്കാവുന്നതാണ്.

8. 'ഇടപാടുകൾ' കാർഡ് ഉടമകൾ അവന്റെ കാർഡ് ഉപയോഗിച്ച് ആക്സിസ് ബാങ്കിനു നിർവഹണത്തിനായി നൽകുന്ന പ്രത്യക്ഷമായ അല്ലെങ്കിൽ പരോക്ഷമായ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനെയാണ് 'ഇടപാട്' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.
9. 'മർച്ചൻറ്' അല്ലെങ്കിൽ 'മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ്സ്' എന്നത് എവിടെയാണോ സ്ഥിതിചെയ്യുന്നത്, അവിടെ കാർഡ് സ്വീകരിക്കുകയും/ഇടപാടുകൾ നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ആണ്. അതിൽ ഉൾപ്പെടുന്നവയാണ്: സ്റ്റോർ ഷോപ്പുകൾ, റസ്റ്റോറന്റുകൾ, എയർലൈൻ ഓർഗനൈസേഷനുകൾ മുതലായവ. ഒപ്പം ആക്സിസ് ബാങ്ക്/ അല്ലെങ്കിൽ റുപേ എന്നിവ കാലാകാലങ്ങളിൽ പരസ്യപ്പെടുത്തുന്ന ലൊക്കേഷനുകൾ/സ്ഥാപനങ്ങൾ.
10. 'ഇഡിസി' അല്ലെങ്കിൽ 'ഇലക്ട്രോണിക് ഡാറ്റ ക്യാപ്ചർ' അല്ലെങ്കിൽ 'പിഒഎസ് മെഷീൻ' അല്ലെങ്കിൽ 'പോയിന്റ് ഓഫ് സെയിൽ ഡിവൈസ്' വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയ ഇടപാടുകൾക്കായുള്ള തുക കാർഡ് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യുന്നതിന് അനുവദിക്കുന്ന ആക്സിസ് ബാങ്കിന്റെ അല്ലെങ്കിൽ പങ്കുവയ്ക്കപ്പെട്ട നെറ്റ്‌വർക്കിലുള്ള മറ്റേതെങ്കിലും ബാങ്കിന്റെ ഇലക്ട്രോണിക് പോയിന്റ് ഓഫ് ഓഫ് സെയിൽ സ്വൈപ്പ് ടെർമിനലുകളെയാണ് സൂചിപ്പിക്കുന്നത്.
11. 'റുപേ' എന്നത് നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ('എൻപിസിഐ') ഉടമസ്ഥതയിലുള്ള രജിസ്റ്റേർഡ് പെയ്മെന്റ് നെറ്റ്‌വർക്ക് ഒപ്പം/അല്ലെങ്കിൽ സ്കീമാണ്, ഇതിൽ ആക്സിസ് ബാങ്ക് പ്രീപെയ്ഡ് കാർഡുകൾക്ക് ഇഷ്യു ചെയ്യുന്നതിനായി കരാറിൽ ഏർപ്പെട്ടിരിക്കുന്നു. ഇത് സാധാരണയായി എല്ലാ എൻപിസിഐ/റുപേ ബ്രാൻഡഡ് കാർഡുകളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ്.
12. 'റുപേ നെറ്റ്‌വർക്ക്', പ്രീപെയ്ഡ് കാർഡുകൾ സ്വീകരിക്കുകയും റുപേ ചിഹ്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്ന എടിഎമ്മുകൾ.

'ത്രിശൂൽ, സമർത്ഥേശ്വർ ക്ഷേത്രത്തിന് എതിർവശം, ലോ ഗാർഡൻ, എല്ലിസ് ബ്രിഡ്ജ്, അഹമ്മദാബാദ് – 380006, ഗുജറാത്ത്, ഇന്ത്യ' രജിസ്റ്റേർഡ് ഓഫീസ് വിലാസം ഉള്ള ആക്സിസ് ബാങ്ക് ലിമിറ്റഡ് കോ–ബ്രാൻഡിംഗ്, ഡിസ്ട്രിബ്യൂഷൻ പങ്കാളി, അതായത്, എം/എസ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി ചേർന്ന് ഇനി പറയുന്ന നിബന്ധനകളും വ്യവസ്ഥകളും പ്രകാരം ആണ് ഈ കാർഡ് വിതരണം ചെയ്യുന്നത്.

## പ്രയോഗക്ഷമത

കാർഡിനായി അപേക്ഷിക്കുന്നതിലൂടെയോ കാർഡിന് അപേക്ഷ സമർപ്പിക്കുന്നതിലൂടെയോ കാർഡിന്റെ ഉപയോഗം നടത്തുന്നതിലൂടെയോ അല്ലെങ്കിൽ കാർഡ് സ്വീകരിക്കുന്നതിലൂടെയോ, സമയാസമയങ്ങളിൽ ആക്സിസ് ബാങ്ക് നിർദേശിക്കുന്ന രൂപത്തിലും രീതിയിലും നിബന്ധനകളും വ്യവസ്ഥകളും മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതായി കാർഡുടമ അംഗീകരിക്കുന്നു. കാർഡ് രേഖാമൂലം സ്വീകരിക്കുന്നതിലൂടെ അല്ലെങ്കിൽ കാർഡിന്റെ പിന്നിൽ ഒപ്പ് വയ്ക്കുന്നതിലൂടെ ഒപ്പം/അല്ലെങ്കിൽ കാർഡ് മുഖേന ഇടപാട് നടത്തുന്നതിലൂടെ ബാധകമായ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) ചട്ടങ്ങൾ, ആർ ബി ഐ യുടെ എക്സ്ചേഞ്ച് കണ്ട്രോൾ റെഗുലേഷൻ, സമയസമയങ്ങളിൽ ബാധകമാകുന്ന ഏതെങ്കിലും നിയമം അല്ലെങ്കിൽ ചട്ടങ്ങളുടെ കീഴിൽ വരുന്ന ഭേദഗതി ചെയ്ത/പരിഷ്കരണം/ബാധകമാക്കൽ കാലാകാലങ്ങളിൽ പ്രസക്തമായ മറ്റേതെങ്കിലും നിയമങ്ങൾ എന്നിവയും അംഗീകരിക്കണമന്ന് കാർഡുടമ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

കാർഡ് ഉടമ ആക്സിസ് ബാങ്കിന്റെ കാർഡിന്റെ പ്രവർത്തനങ്ങളുടെ വ്യവസ്ഥകളും നിബന്ധനകളും തുടർന്നും പാലിക്കേണ്ടതാണ്.

## കാർഡിന്റെ വാലിഡിറ്റിയും ഉപയോഗവും

1. ഈ കാർഡ് ഇന്ത്യയിൽ മാത്രം ബാധകമായിരിക്കും.
2. കാർഡിന്റെ പരമാവധി കാലാവധി വിതരണം ചെയ്യുന്ന തീയതി മുതൽ മൂന്നു വർഷമാണ്. കാർഡിന്റെ സാധുതാ കാലയളവ് എന്ന് സൂചിപ്പിച്ച മാസത്തിലെ അവസാന ദിവസം വരെ കാർഡിന് സാധുതയുണ്ടായിരിക്കും.

3. കാർഡ് അല്ലെങ്കിൽ ഇടപാടുകൾ സംബന്ധിച്ച് ബാങ്കിലേക്കുള്ള എല്ലാ ആശയവിനിമയങ്ങളും കാർഡ് ഉടമ മാത്രമാണ് നടത്തേണ്ടത്. ബാങ്കു നടത്തുന്ന ആശയവിനിമയം ബാങ്കിന്റെ വെബ്സൈറ്റിലൂടെയോ അല്ലെങ്കിൽ അപേക്ഷകന് നേരിട്ടോ അറിയിക്കുന്നതാണ്.
4. കാർഡിൽ അപ്പോൾ ലഭ്യമായ തുക വരെ കാർഡ് ഉപയോഗിക്കാവുന്നതാണ്.
5. കാർഡ് ഉടമ മാത്രമേ കാർഡ് ഉപയോഗിക്കാവൂ, അത് കൈമാറ്റം ചെയ്യാനാവില്ല.
6. കാർഡിൽ ഒരു ഇടപാട് നടത്തുമ്പോൾ, ആ തുക അപ്പോൾ കാർഡിൽ ലഭ്യമായ തുകയിൽ നിന്ന് കുറയ്ക്കുകയും അതിനു ശേഷം പുതിയ ലഭ്യമായ തുകയിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഇടപാട് പ്രോസസ്സ് ചെയ്യുന്നതിനായി കാർഡിൽ ലഭ്യമായ മതിയായ തുക ഇല്ലെങ്കിൽ, കാർഡിൽ മതിയായ തുക ലോഡ് ചെയ്യപ്പെടുന്നതുവരെ ഇടപാടുകൾ ഒന്നും പ്രോസസ്സ് ചെയ്യപ്പെടില്ല.
7. കാർഡിന്റെ ഉപയോഗം കെ.എം.ആർ.എൽ. ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും നിങ്ങൾ അംഗീകാരം നൽകിയതായി കണക്കാക്കും.
8. കൊച്ചി1 കാർഡിൽ പണം പിൻവലിക്കൽ സൗകര്യം ലഭ്യമാകില്ല.
9. കാർഡിൽ ലഭ്യമായതോ/ലോഡുചെയ്തിരിക്കുന്നതോ ആയ തുകയിൽ ബാങ്ക് പലിശയൊന്നും നൽകില്ല
10. "ഔദ്യോഗികമായി സാധുതയുള്ള പ്രമാണം" ലിസ്റ്റിന് കീഴിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന ഒരു തിരിച്ചറിയൽ രേഖ പങ്കിടുമ്പോൾ, ഏറ്റവും കുറഞ്ഞ കെവൈസിയായി ഒരു മാസത്തിനുള്ളിൽ കാർഡ് ഉടമയ്ക്ക് പരമാവധി മൂല്യമായ INR 5,000/- (അയ്യായിരം രൂപ മാത്രം) വരെ കാർഡ് ലോഡുചെയ്യാനും ഉപയോഗിക്കാനും കഴിയും. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ഏത് സമയത്തും കാർഡിലെ പ്രതിമാസ ബാലൻസ് INR 5,000/- ൽ കൂടുതലാകരുത് (അയ്യായിരം രൂപ മാത്രം). ഇനിയുള്ള ഏതെങ്കിലും ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് ഇടപാടുകൾ ബാങ്ക് നിയന്ത്രിക്കും. കാർഡ് ഹോൾഡർ മിനിമം കെവൈസിയിൽ നിന്ന് (ക്യാഷ് ലോഡിംഗ് പ്രവർത്തനക്ഷമമാക്കിയ ചെറിയ പിപിഐ) മിനിമം കെവൈസി+ ആയി (ക്യാഷ് ലോഡിംഗ് ഡിസേബിൾഡ് ഉള്ള സ്മോൾ പിപിഐ) പരിവർത്തനം ചെയ്താൽ, ബാധകമായ പരിധി അതേപടി തുടരും, എന്നിരുന്നാലും ക്യാഷ് ലോഡിംഗ് പരിമിതപ്പെടുത്തും.
11. പൂർണ്ണ-കെവൈസി പൂർത്തിയാകുമ്പോൾ ഒരു മാസത്തിനുള്ളിൽ കാർഡ് ഉടമയ്ക്ക് പരമാവധി മൂല്യമായ INR 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) വരെ കാർഡ് ലോഡ് ചെയ്യാൻ കഴിയും. ഏത് സമയത്തും കാർഡിലെ ബാലൻസ് INR 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) കവിയാൻ പാടില്ല. ഇനിയുള്ള റീലോഡ് ഇടപാടുകൾ ബാങ്ക് നിയന്ത്രിക്കും.
12. കെ എം ആർ എൽ ആക്സിസ് ബാങ്ക് 'കൊച്ചി 1' കാർഡ് ഇന്ത്യയിലെ മാത്രം റുപേ പ്രാപ്യമായ ഏത് വ്യാപാരി ഔട്ട്ലെറ്റ് ടെർമിനലുകളിലും ഉപയോഗത്തിന് പൂർണ്ണമായ സുരക്ഷ നൽകുന്നതാണ്.
13. ബാങ്ക് ബാലൻസ് അന്വേഷണം, സ്റ്റേറ്റ്മെൻറ് അന്വേഷണം എന്നിവയ്ക്കായി കാർഡിനൊപ്പം ഫോൺ ബാങ്കിംഗ്, എസ്എംഎസ് ബാങ്കിങ്, കൊച്ചി 1 മൊബൈൽ ആപ്പ്, ഓൺലൈൻ പോർട്ടൽ ആക്സസ് എന്നീ സൗകര്യങ്ങളുംനൽകുന്നു. ഇന്റർനെറ്റ് ബാങ്കിംഗ് വഴിയുള്ള എല്ലാ ഫണ്ട് ട്രാൻസ്ഫർ സൗകര്യങ്ങളും തടയപ്പെട്ടിട്ടുണ്ട്.

## കാർഡുടമകളുടെ ചുമതലകളും ഉടമ്പടികളും

1. തന്റെ വിലാസത്തിൽ മാറ്റം വരുത്തുമ്പോൾ ബാങ്ക് ഉടൻ ബാങ്ക് അറിയിക്കും.
2. കാർഡ് ഒരു സുരക്ഷിത സ്ഥലത്ത് സൂക്ഷിക്കുന്നു എന്ന് എല്ലായ്പ്പോഴും ഉറപ്പുവരുത്തുക.
3. ഈ കാർഡ് ബാങ്കിന്റെ സ്വത്താണ്, ആവശ്യപ്പെട്ടാൽ ബാങ്കിൽ ഒരു അംഗീകൃത വ്യക്തിക്ക് തിരികെ നൽകണം. കാർഡ് കൈമാറുന്നതിനു മുമ്പ് ബാങ്കിന്റെ അംഗീകൃത വ്യക്തികളുടെ തിരിച്ചറിയൽ ഉറപ്പാക്കേണ്ടതാണ്.
4. ഇടപാടിന്റെയും അനുബന്ധ ചാർജുകളുടെയും ഉത്തരവാദിത്തം കാർഡ് ഉടമയ്ക്കാണ്.
5. കാർഡ് ഉടമയുടെ അഭ്യർത്ഥനയിലും റിസ്കിലുമാണ് ബാങ്ക് ഈ കാർഡ് നൽകാൻ സമ്മതിച്ചതെന്ന് കാർഡ് ഉടമ സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ കാർഡ് ഉപയോഗിച്ചുകൊണ്ടുള്ള എല്ലാ ഇടപാടുകൾക്കും പൂർണ്ണ ഉത്തരവാദിത്തം അദ്ദേഹത്തിനു തന്നെ ആയിരിക്കും
6. കാർഡ് മുഖേന നൽകുന്ന നിർദ്ദേശം പിൻവലിക്കാൻ സാധിക്കില്ല.
7. കാർഡുടമ എല്ലാ സാഹചര്യങ്ങളിലും, കാർഡിന്റെ ഉപയോഗത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതാണ്, അത് അയാളുടെഅറിവോടെയുള്ളതോ അധികാരപ്പെടുത്തിയതോ, പ്രകടിതമായതോ, ദ്യോതിതമായതോ എന്തു തന്നെ ആയാലും.

8. കാർഡ് ഉപയോഗിച്ചുള്ള ഇടപാടുകളുടെ തുക തന്റെ കാർഡ് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യാൻ കാർഡ് ഉടമ ബാങ്കിനെ പിൻവലിക്കാനാകാത്ത വിധം അധികാരപ്പെടുത്തുന്നു.
9. ഉത്തമവിശ്വാസത്തിലും ഇടപാടിനെ അടിസ്ഥാനമാക്കിയുള്ള ബിസിനസ്സിന്റെ സാധാരണ ഗതിയിലും ബാങ്കിന്റെ പ്രവർത്തനങ്ങളെ കാർഡുടമ നിർദോഷകരമായി നിലനിർത്തേണ്ടതാണ്..
10. ഇടപാടുകൾ പൂർത്തിയാക്കുന്നതിന് ബാങ്കുകൾ പരമാവധി പരിശ്രമം നടത്തുന്നതാണ്. എന്നിരുന്നാലും ഒരു ഇടപാട് അല്ലെങ്കിൽ ഒരു നിർദ്ദേശം പൂർത്തിയാക്കുന്നതിൽ കാലതാമസമോ അല്ലെങ്കിൽ കഴിവില്ലായ്മയോ സംഭവിച്ചാൽ കാർഡ് ഉടമയോടോ അല്ലെങ്കിൽ മറ്റാരെങ്കിലോടുമോ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യത ഉണ്ടായിരിക്കില്ല.
11. കാർഡ് അക്കൗണ്ടിലെ ഇടപാടിനെക്കുറിച്ചോ അല്ലെങ്കിൽ എന്തെങ്കിലും എൻട്രിയെ കുറിച്ചോ ഉള്ള എല്ലാ തർക്കങ്ങളും അത്തരം ഇടപാട് അല്ലെങ്കിൽ എൻട്രി ഉണ്ടായി 7 ദിവസത്തിനകം ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് കാർഡ് ഉടമ സമ്മതിക്കുന്നു. അല്ലാത്ത പക്ഷം എല്ലാ ഇടപാടുകളും കാർഡ് അക്കൗണ്ട് എൻട്രികളും കാർഡുടമകൾ ശരിവയ്ക്കുകയും ാക്കുകയും സ്വീകരിക്കുകയും ചെയ്തതായി കണക്കാക്കുന്നതാണ്.
12. കാർഡ് ആവശ്യമില്ലാതാകുമ്പോൾ അല്ലെങ്കിൽ കാലഹരണപ്പെട്ടാൽ, മോഷണം പോയ ശേഷം തിരിച്ച് കിട്ടുമ്പോൾ കാർഡ് ഉടമ കാർഡ് ബാങ്കിന് തിരികെ നൽകേണ്ടതാണ്.
13. കാർഡ് സ്വീകരിക്കുന്നതിന് സമ്മതിച്ചിട്ടുള്ളതും റുപേ ഇടപാടുകൾ പ്രോസസ് ചെയ്യാൻ കഴിയുന്നതുമായ പോയിന്റ് ഓഫ് സെയിൽ അതായത് ഇഡിസി ടെർമിനൽ ഉള്ളതുമായ റീട്ടെയിൽ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് പണം നൽകാൻ കാർഡ് ഉടമകൾക്ക് ഈ കാർഡ് ഉപയോഗിക്കാം. മറ്റൊരാൾ തന്റെ കാർഡ് ഉപയോഗിക്കാൻ കാർഡ് ഉടമ അനുവദിക്കുന്നെങ്കിൽ, കാർഡ് ഉടമ ഈ കാർഡ് ഉപയോഗിക്കാൻ ആ വ്യക്തിക്ക് ആധികാരികമായി അനുമതി നൽകിയിതായി ബാങ്ക് കണക്കാക്കുകയും അത്തരം വ്യക്തി ഈ കാർഡ് ഉപയോഗിച്ച് നടത്തുന്ന ഇടപാടുകൾക്ക് കാർഡ് ഉടമ ഉത്തരവാദിയായിരിക്കും ചെയ്യും. പോയിന്റ് ഓഫ് ഓഫ് സെയിൽസ് ഉപകരണം മുഖേന അല്ലെങ്കിൽ മറ്റ് വാങ്ങൽ ഇടപാട് വഴിയോ ഉള്ള ഇടപാട് തുക ബാങ്കിന്റെ ലഭ്യമായ തുകയിൽ നിന്ന് കുറയ്ക്കുന്നതാണ്.
14. കാർഡിൽ ചെലവാക്കുന്ന എല്ലാ തുകയും ബാങ്കുകൾക്ക് തിരിച്ചടയ്ക്കുമെന്ന് കാർഡ് ഉടമ സമ്മതിക്കുന്നു, റസ്റ്റോറന്റ് ടിപ്സ്, മറ്റ് സർചാർജുകൾ തുടങ്ങിയ, വാങ്ങിയ തുകയേക്കാൾ അധികമായി വരുന്ന തുകകളും കാർഡ് ഉടമകൾ നൽകേണ്ടതാണ്.

## ഒരു കാർഡിനുള്ള അപേക്ഷ

കെ.എം.ആർ.എൽ ആക്സിസ് ബാങ്ക് 'കൊച്ചി 1' കാർഡ് സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ഒരാൾ കെ എം ആർ എൽ മെട്രോ സ്റ്റേഷന്റെ ഇഷ്യുവസ്സ് കൗണ്ടർ അല്ലെങ്കിൽ ആക്സിസ് ബാങ്ക് വെബ്സൈറ്റിലോ ഓൺ ലൈൻ പോർട്ടിലോ നിർദ്ദേശിച്ചിരിക്കുന്ന ഏതെങ്കിലും സ്ഥലങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്ത് കൊച്ചി 1 കാർഡ് വാങ്ങാവുന്നതാണ്. കെ.എം.ആർ.എൽ മെട്രോയിലെ യാത്ര ചെയ്യാനും, റുപേ പ്രാപ്തമായ വ്യാപാരികളിൽ നിന്ന് സാധനങ്ങൾ വാങ്ങുവാനും ഓൺലൈൻ ഇ–കൊമേഴ്സ് ഷോപ്പിംഗ്, ഓൺലൈൻ ബിൽ പേയ്മെന്റ്, കൊച്ചി1 മൊബൈൽ ആപ്ലിക്കേഷനിലൂടെ ക്യൂ ആർ ടിക്കറ്റ് വാങ്ങൽ തുടങ്ങിയ ഓൺലൈൻ പേയ്മെന്റുകൾക്കും ഉപയോഗിക്കാം.

## കാർഡ് സെക്യൂരിറ്റി

1. കാർഡിന്റെ സുരക്ഷയുടെ ഉത്തരവാദിത്വം കാർഡുടമകൾക്കായിരിക്കും. കാർഡ് സംരക്ഷണവും ഉപയോഗവും സംബന്ധിച്ച് എല്ലാ നടപടികളും അവർ ഉറപ്പാക്കുകയും ചെയ്യണം.
2. കാർഡിന്റെ അനധികൃതമായ ഉപയോഗം ഒഴിവാക്കാനായി കാർഡ് ലഭിച്ച ഉടൻ പിൻഭാഗത്ത് ഒപ്പുവെക്കേണ്ടതുണ്ട്.

## മെർച്ചന്റ് ലൊക്കേഷൻ, പോയിന്റ് ഓഫ് സെയിൽ ഉപയോഗം

1. എ.ടി.എം, പോയിന്റ് ഓഫ് സെയിൽ അല്ലെങ്കിൽ റുപേ പ്രാപ്തമാക്കിയ മർച്ചന്റ് ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിൽ പണം പിൻവലിക്കാനോ അല്ലെങ്കിൽ നിക്ഷേപിക്കാനോ അനുവദനീയമല്ല.

2. ഇന്ത്യയിലെ മെർച്ചന്റ് ഔട്ട്ലെറ്റുകളിൽ റുപേ ലോഗോ പ്രദർശിപ്പിച്ചിട്ടുള്ള എല്ലാ ഇലക്ട്രോണിക് പോയിന്റ് ഓഫ് ഓഫ് ടെർമിനൽ കാർഡും സ്വീകരിക്കപ്പെടും.
3. റുപേ കാർഡിന്റെ പ്രചരണത്തിനായി ഏതെങ്കിലും പരിസരത്ത് പ്രദർശിപ്പിച്ചിട്ടുള്ള റുപേയുടെ ചിഹ്നം ആ പരിസരത്ത് ലഭ്യമായ എല്ലാ സാധനങ്ങളും സേവനങ്ങളും ഈ കാർഡ് ഉപയോഗിച്ച് വാങ്ങാമെന്നതിന്റെ വാറന്റി അല്ല.
4. ഈ കാർഡ് ഇലക്ട്രോണിക് ഉപയോഗത്തിന് വേണ്ടിയുള്ളതാണ്, ഇത് ഇഡിസി ടെർമിനൽ ഉള്ള വ്യാപാരികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. കാർഡിന്റെ ഇലക്ട്രോണിക് ഇതര ഉപയോഗം അനധികൃതമായി കണക്കാക്കുകയും കാർഡുടമകൾ അത്തരം ഇടപാടുകളുടെ പൂർണ്ണ ഉത്തരവാദി ആയിരിക്കുകയും ചെയ്യും. ഇലക്ട്രോണിക് ഉപയോഗത്തിൽ ഇഡിസി ടെർമിനലിൽ നിന്ന് ഇലക്ട്രോണിക് ആയി അച്ചടിച്ച ചാർജ് സ്ലിപ്പ്/ട്രാൻസാക്ഷൻ സ്ലിപ്പ് ലഭിക്കുന്നതാണ്.
5. മർച്ചന്റ് സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് പോയിന്റ്–ഓഫ് സെയിൽ ടെർമിനലുകളിൽ കാർഡ് ഉപയോഗത്തിന് പിൻ നിർബന്ധമായും ആവശ്യമാണ്.
6. കാർഡ് ഉടമയുടെ ഒപ്പ് ഉണ്ടെങ്കിൽ മാത്രമേ ഈ കാഡിന് സാധുത ഉണ്ടായിരിക്കൂ..
7. എ ഡി സി ടെർമിനൽ ഒരു സെയിൽ റസിപ്റ്റ് സൃഷ്ടിക്കുന്നതോടെ മാത്രമേ ഇടപാടുകൾ അംഗീകൃതവും പൂർണ്ണവും ആയി കരുതപ്പെടുകയുള്ളൂ.
8. ഒരു മർച്ചന്റ് ലൊക്കേഷനിൽ ഒരൊറ്റ പർച്ചേസ് പ്രവർത്തനം നടത്തുന്നതിന് കാർഡ് ഒരിക്കൽ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്ന് കാർഡ് ഉടമ ഉറപ്പാക്കേണ്ടതാണ്.
9. കാർഡ് ഉപയോഗിക്കുമ്പോഴെല്ലാം സെയിൽസ് സ്ലിപ്പ് പ്രിന്റ് ചെയ്യപ്പെടുകയും, വാങ്ങുന്ന സമയത്ത് മർച്ചന്റ് ലൊക്കേഷനിൽ കാർഡ് ഒന്നിലധികം തവണ ഉപയോഗിക്കില്ല എന്ന് കാർഡ് ഉടമ ഉറപ്പാക്കുകയും വേണം.
10. ഒരു വാങ്ങലും അതെ തുടർന്ന് ഈ ചരക്ക് അല്ലെങ്കിൽ സേവനം റദ്ദാക്കുന്നതു മൂലം ഉണ്ടകുന്ന തുടർന്നുള്ള ക്രെഡിറ്റും രണ്ട് ഇടപാടുകൾ ആയിരിക്കും. റീഫണ്ട് നിങ്ങളുടെ കാർഡ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും (ക്യാൻസലേഷൻ ചാർജുകൾ കിഴിച്ച്), അത് വ്യാപാരിയിൽ നിന്നും ലഭിക്കുന്നതിന് അനുസരിച്ചായിരിക്കും. റീഫണ്ട് ദിവസത്തിൽ നിന്ന് 30 ദിവസത്തിനുള്ളിൽ നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് പോസ്റ്റുചെയ്തില്ലെങ്കിൽ, ആക്സിസ് ബാങ്കിനെ അറിയിക്കുക, വ്യാപാരിയിൽ നിന്നുള്ള ക്രെഡിറ്റ് നോട്ടിന്റെ പകർപ്പ് ഇതോടൊപ്പം നിങ്ങൾ നൽകണം.
11. കാർഡ് ഉടമകൾ വ്യാപാരികളുമായി നടത്തുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണത്തിൽ മാത്രമായി പരിമിതപ്പെടുത്താത്ത, ഏതു ഇടപാടുകളുടെയും ഉത്തരവാദിത്തം ബാങ്ക് സ്വീകരിക്കുന്നതല്ല. വിസ/മാസ്റ്റർകാർഡ്/റുപായ് മർച്ചൻറ് എസ്റ്റാബ്ലിഷ്മെന്റുമായി ബന്ധപ്പെട്ട് കാർഡ് ഉടമകൾക്ക് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ കാർഡ് ഉടമ മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുമായി ചേർന്ന് പ്രശ്നം പരിഹരിക്കേണ്ടതും അങ്ങനെ ചെയ്യാൻ കഴിയാത്തത് കൊണ്ട് കാർഡ് ഉടമയ്ക്ക് ബാങ്കിനോടുള്ള ബാധ്യതകളിൽ നിന്നും ഒഴിവാക്കില്ല. എന്നിരുന്നാലും, കാർഡ് ഉടമ ഉടൻ ഇക്കാര്യം ബാങ്കിനെ അറിയിക്കേണ്ടതാണ്.
12. മർച്ചാൻറ് ഈടാക്കുകയും കാര്യഡ അക്കൗണ്ടിലേക്ക് ഡിബിറ്റ് ആക്കുകയൂം ചെയ്യുന്ന ഒരു സർച്ചാർജിനും ബാങ്ക് ഉത്തരവാദി ആയിരിക്കില്ല കൂടാതെ കാർഡ് അക്കൌണ്ടിൽ നിന്ന് കടം വാങ്ങുകയും ചെയ്യുന്നു.
13. ഒരു മർച്ചന്റർ എസ്റ്റാബ്ലിഷ്മെന്റിൽ കാർഡ് ഉപയോഗിക്കുമ്പോഴെല്ലാം സെയിൽ സ്ലിപ്പ് കാർഡ് ഉടമ ഒപ്പിട്ടുകൊണ്ട് നിലനിർത്തണം. കാർഡുടമ വ്യക്തിഗതമായി ഒപ്പിടാത്ത എന്തെങ്കിലും സെയിൽസ് സ്ളിപ്പ്, എന്നാൽ കാർഡുടമ അധികാരപ്പെടുത്തിയതായി തെളിയിക്കപ്പെടാവുന്നതാണെങ്കിൽ, അത് കാർഡ് ഉടമയുടെ ബാധ്യത ആയിരിക്കും.
14. ഒരു വ്യാപാരിയിൽ നിന്ന് ബാങ്കിനു ലഭിക്കുന്ന ഏതെങ്കിലും ചാർജ് അല്ലെങ്കിൽ പേയ്മെന്റ് അഭ്യർത്ഥന, വ്യാപാരിയിൽ നിന്ന് ശരിയായ വിധത്തിൽ ലഭിച്ച അഭ്യർത്ഥനയുടെ പൂർണ്ണമായ തെളിവാണെന്നും കാർഡ് നഷ്ടപ്പെട്ടോ, മോഷ്ടിച്ചോ, വഞ്ചനാപരമായി ദുരുപയോഗം ചെയ്തോ ഉപയോഗിക്കപ്പെട്ടതാണെന്ന് തെളിവു സഹിതം സ്ഥാപിക്കപ്പെടാത്ത സാഹചര്യങ്ങളിൽ ഒഴികെയുള്ള എല്ലാ സാഹചര്യങ്ങളിലും വ്യാപാരികൾ ഉന്നയിച്ചിരിക്കുന്ന ഈ പേയ്മെന്റുകൾ അടയ്ക്കാൻ, കാർഡ് ഉടമയ്ക്ക് ഉത്തരവാദിത്തമുണ്ടായിരിക്കും.
15. ഒരു പിശകോ അല്ലെങ്കിൽ വിറ്റ സാധരം തിരികെ എടുക്കേണ്ടി വന്നതു മൂലമോ ഒരു ഇടപാട് റദ്ദാക്കാൻ മർച്ചന്റ് ആഗ്രഹിക്കുന്നുവെങ്കിൽ, നേരത്തെയുള്ള വിൽപ്പന രസീത് വ്യാപാരി റദ്ദാക്കുകയും, കൂടാതെ റദ്ദാക്കിയ രസീതിന്റെ ഒരു പകർപ്പ് തന്റെ കൈവശം വയ്ക്കേണ്ടതാണ്. ഏതെങ്കിലും മർച്ചന്റ്/ഡിവൈസിന്റെ പിശക് അല്ലെങ്കിൽ ആശയവിനിമയ ലിങ്ക് വഴി എല്ലാ റീഫണ്ടുകളും മാന്വൽ ആയി പ്രോസസ്സ് ചെയ്യണം കൂടാതെ പരിശോധനയ്ക്ക് ശേഷം വിസ / മാസ്റ്റർകാർഡ് / റുപേ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് അക്കൗണ്ട് ക്രെഡിറ്റ്

ചെയ്യപ്പെടും. ഈ റീഫണ്ട് കണക്കാക്കാതെ കാർഡിൽ ലഭ്യമായ ബാലൻസിൽ മാത്രമായിരിക്കും ഈ കാലഘട്ടത്തിൽ ഏതെങ്കിലും ഡെബിറ്റുകൾ ലഭിക്കുകയെന്ന് കാർഡ് ഉടമ സമ്മതിക്കുന്നു. പേയ്മെന്റ് നിർദേശങ്ങളെ നിരാകരിക്കുന്ന സംഭവങ്ങൾ ഉണ്ടായാൽ കാർഡ് ഉടമ ബാങ്കിന് നഷ്ടോത്തരവാദം ചെയ്യേണ്ടതാണ്.

16. ഹോട്ടലുകളിൽ ചെക്ക്–ഇൻ ചെയ്യുമ്പോഴും പണമടയ്ക്കുന്നതിന് ക്രമീകരണങ്ങൾ നടത്തിയിട്ടുള്ള ലൊക്കേഷനുകളിൽ വാങ്ങൽ ഇടപാടുകൾ അല്ലെങ്കിൽ സേവനങ്ങൾ പൂർത്തീകരിക്കുന്നതിനു മുമ്പ് ഈ കാർഡുകൾ ഉപയോഗിക്കാൻ പാടില്ല.
17. ഏതെങ്കിലും മെയിൽ ഓർഡർ/ഫോൺ ഓർഡർ പർച്ചേസിന് ഈ കാർഡ് ഉപയോഗിക്കാൻ പാടില്ല, അത്തരത്തിലുള്ള ഉപയോഗം അനധികൃതമായി കണക്കാക്കുകയും കാർഡ് ഉടമ അതിന് പൂർണമായും ഉത്തരവാദി ആയിരിക്കുകയും ചെയ്യും.
18. വിദേശ മാഗസിനുകൾ/ആനുകാലികങ്ങൾ എന്നിവയുടെ സബ്സ്ക്രിപ്ഷൻ അടയ്ക്കുന്നതിന് കാർഡ് ഉപയോഗിക്കരുത്, അത്തരത്തിലുള്ള ഉപയോഗം അനധികൃതമായി കണക്കാക്കുകയും കാർഡ് ഉടമ അതിന് പൂർണമായും ഉത്തരവാദി ആയിരിക്കുകയും ചെയ്യും.
19. ഏതെങ്കിലും ഇഡിസി/പിഒഎസ് ഇതര ഉപകരണങ്ങളിൽ കാർഡിന്റെ ഉപയോഗം ഒരു സർവീസ് ചാർജ് ഒപ്പം/അല്ലെങ്കിൽ ട്രാൻസാക്ഷൻ ഫീസ് ഒപ്പം/ അല്ലെങ്കിൽ പ്രോസസ്സിംഗ് ഫീസ് എന്നിവ കാർഡിൽ ചുമത്താൻ ഇടയാക്കും.
20. അത്തരം എല്ലാ ചാർജ്ജുകളും മുൻകൂർ നോട്ടീസ് കാർഡുടമകൾക്ക് നൽകിയോ നൽകാതെയോ ലഭ്യമായ തുകയിൽ നിന്ന് കുറയ്ക്കപ്പെടും.
21. കാർഡുടമ എല്ലാ ഇടപാടുകളുടെയും രേഖകൾ സൂക്ഷിക്കാൻ കാർഡുടമകളോട് നിർദ്ദേശിക്കുന്നു.

## കെ എം ആർ എൽ ആക്സിസ് ബാങ്ക് കൊച്ചി കാർഡിലെ ഇടപാടുകൾ

### സാമ്പത്തിക ഇടപാടുകൾ

1. മെട്രോ, ഫീഡർ ബസ്*, സിറ്റി ബസ്*, വാട്ടർ മെട്രോ എന്നിവയിൽ ടിക്കറ്റ് വാങ്ങൽ ഇടപാട്.ഈ കാർഡ് ഒരു കോൺടാക്റ്റ്ലെസ് കാർഡാണ്, കാർഡ് ഉടമയ്ക്ക് ടിക്കറ്റ് വാങ്ങുന്നതിനായി ബസ് കണ്ടക്ടർ കൈവശം വച്ചിരിക്കുന്ന ടെർമിനലിൽ സോഴ്സ് സ്റ്റേഷൻ്റെ എൻട്രി ഗേറ്റ് / വാലിഡേറ്റർ എന്നിവിടങ്ങളിലും എക്സിറ്റ് ഗേറ്റുകളിൽ / ഡെസ്റ്റിനേഷൻ സ്റ്റേഷനുകളുടെ വാലിഡേറ്ററിലും കാർഡ് ടാപ്പ് ചെയ്യാം. . ഓരോ കോൺടാക്റ്റ്ലെസ് പേയ്മെൻ്റ് ഇടപാടും 5,000/- രൂപ വരെ മാത്രമേ നടത്താനാകൂ. പ്രതിദിന 20 കോൺടാക്റ്റ്ലെസ് ഇടപാടുകളുടെ പരിധിയുണ്ട്.റീട്ടെയിൽ കോൺടാക്റ്റ്ലെസ് ഇടപാടിൻ്റെ പരമാവധി പരിധി INR 5,000/- ആണ്, അത് ഡിഫോൾട്ടായി പ്രവർത്തനരഹിതമാണ്. കാർഡ് ഉടമയ്ക്ക് ഈ ഫീച്ചർ ലഭിക്കണമെങ്കിൽ, കൊച്ചി1 മൊബൈൽ ആപ്ലിക്കേഷൻ വഴി ഇടപാട് പ്രവർത്തനക്ഷമമാക്കുകയും ഓരോ ഇടപാടിൻ്റെ പരിധി നിർവചിക്കുകയും ചെയ്യേണ്ടതുണ്ട്.
2. പാസ് വാങ്ങലും പുതുക്കലും (കെഎംആർഎൽ ഇഷ്യൂൻസ് കൗണ്ടറുകളിൽ)
3. കാർഡ് ടോപ്പ്-അപ്പ് (KMRL ഇഷ്യൂൻസ് കൗണ്ടറുകൾ, കൊച്ചി1 ആപ്പ്, വെബ് പോർട്ടൽ എന്നിവയിൽ)
4. കാർഡിൽ അനുവദനീയമായ പരമാവധി ലോഡിംഗ്/കുടിശ്ശിക (കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന പ്രീപെയ്ഡ് പേയ്മെൻ്റ് ഉപകരണങ്ങളുടെ എക്സ്റ്റൻ്റ് മാസ്റ്റർ ഡയറക്ഷനുകളിൽ നിർവചിച്ചിരിക്കുന്ന റെഗുലേറ്ററി ത്രെഷോൾഡുകൾക്കുള്ളിൽ. (പിപിഐകൾ) ചുവടെ സൂചിപ്പിച്ചിരിക്കുന്നത് പോലെയാണ്:

   എ. മിനിമം KYC (കാഷ് ലോഡിംഗ് പ്രവർത്തനക്ഷമമാക്കിയിട്ടുള്ള ചെറിയ PPI) കാർഡ് ഉടമയ്ക്ക് പണം കൂടാതെ/അല്ലെങ്കിൽ ഡിജിറ്റൽ മോഡുകൾ വഴി പ്രതിമാസം 5,000/- രൂപ വരെ ലോഡ് ചെയ്യാൻ കഴിയും. ഏത് സമയത്തും കുടിശ്ശികയുള്ള തുക INR 5,000/- കവിയാൻ പാടില്ല.

   ബി. മിനിമം KYC+ (ക്യാഷ് ലോഡിംഗ് ഡിസേബിൾഡ് ഉള്ള ചെറിയ PPI) കാർഡ് ഹോൾഡർക്ക് ഡിജിറ്റൽ മോഡുകൾ വഴി മാത്രം പ്രതിമാസം INR 5000/- വരെ ലോഡ് ചെയ്യാൻ കഴിയും. ഈ KYC തരത്തിന് പണം ലോഡുചെയ്യുന്നത് അനുവദനീയമല്ല. ഏത് സമയത്തും കുടിശ്ശികയുള്ള തുക INR 5,000/- കവിയാൻ പാടില്ല.

സി. മുഴുവൻ KYC കാർഡ് ഉടമ: പരമാവധി കുടിശ്ശിക തുക INR 1,00,000/- കവിയാൻ പാടില്ല (റെഗുലേറ്ററി ത്രെഷോൾഡ് പരിധിക്കുള്ളിൽ). പൂർണ്ണ KYC കാർഡ് ഉടമയ്ക്ക് ഡിജിറ്റൽ മോഡുകൾ വഴി പ്രതിമാസം 1,00,000/- രൂപ വരെ ലോഡ് ചെയ്യാൻ അനുവാദമുണ്ട്, കൂടാതെ PPIയുടെ മൊത്തത്തിലുള്ള പരിധിക്ക് വിധേയമായി പ്രതിമാസം 50,000/- രൂപ ക്യാഷ് ലോഡിംഗ് പരിമിതപ്പെടുത്തിയിരിക്കും.

5. POS ടെർമിനലുകൾ വഴിയും ഓൺലൈൻ വാങ്ങലുകൾ വഴിയും നടത്തുന്ന റീട്ടെയിൽ പേയ്മെൻ്റുകൾ

## സാമ്പത്തികേതര ഇടപാടുകൾ

1. പിൻ സെറ്റ് (കെഎംആർഎൽ ഇഷ്യൂൻസ് കൗണ്ടറുകളിലും ഫോൺ ബാങ്കിംഗ് വഴിയും)
2. ബാലൻസ് അന്വേഷണം (KMRL ഇഷ്യൂൻസ് കൗണ്ടറുകളിൽ, ഫോൺ ബാങ്കിംഗ്, SMS ബാങ്കിംഗ്, കൊച്ചി1 ആപ്പ്, വെബ് പോർട്ടൽ എന്നിവയിലൂടെ)
3. കാർഡ് തടയൽ (എസ്എംഎസ് ബാങ്കിംഗും കൊച്ചി1 ആപ്പും)
4. കാർഡ് മാറ്റിസ്ഥാപിക്കൽ (കെഎംആർഎൽ ഇഷ്യൂൻസ് കൗണ്ടറുകളിൽ)
5. കാർഡ് സ്റ്റേറ്റ്മെൻ്റ് (കൊച്ചി1 ആപ്പ് വഴിയും വെബ് പോർട്ടലിലൂടെയും)

(* ലഭ്യമാകുന്നതെപ്പോഴാണോ അതിനനുസരിച്ച്)

## കാർഡ് കാലഹരണപ്പെടൽ

1. ഈ കാർഡിലെ കാലാവധി തീരുന്ന തീയതി സൂചിപ്പിക്കപ്പെട്ട മാസത്തിന്റെ അവസാന ദിവസം വരെ ഈ കാർഡ് സാധുവാണ്.
2. ബാങ്ക് ഉചിതമായ ഇടവേളകളിലും ഒപ്പം കാലാവധി തീരുന്നതിന് 45 ദിവസം മുൻപും , കാർഡ് കാലാവധിയെ സംബന്ധിച്ച് ബാങ്ക് കാർഡ് ഉടമകളെ അറിയിക്കുന്നതാണ്
3. നിങ്ങളുടെ കെ.എം.ആർ.എൽ ആക്സിസ് ബാങ്ക് 'കൊച്ചി1 കാർഡ് കാലാവധി കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് നേരിട്ട് കെ.എം.ആർ.എൽ. എക്സിക്യൂഷൻ കൗണ്ടർ സന്ദർശിച്ച് പുതിയ കാർഡ് വാങ്ങാവുന്നതാണ്. നിങ്ങളുടെ കാർഡിലെ ഇ-ബാലൻസ് തുക 7 പ്രവർത്തി ദിവസത്തിനുള്ളിൽ പുതിയ കാർഡിലേക്ക് മാറ്റും.നിങ്ങളുടെ കാർഡിലെ ചിപ്പ് ബാലൻസ് റീഫണ്ട് ചെയ്യപ്പെടില്ല.
4. ഈ കാർഡിൽ കിടക്കുന്ന ക്ലെയിം ചെയ്യാത്ത തുക ഡെഫ് അക്കൗണ്ടിലേക്ക് കൈമാറും. (കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത ആർബിഐ മാർഗനിർദേശങ്ങൾ)

## കാർഡ് നിഷ്ക്രിയത്വം

1. തുടർച്ചയായി ഒരു വർഷത്തേക്ക് സാമ്പത്തിക ഇടപാടുകൾ ഒന്നും നടത്തിയില്ലെങ്കിൽ, കാർഡ് ഉടമയെ അറിയിച്ചതിനു ശേഷം ബാങ്ക് കാർഡ് നിഷ്ക്രിയമാക്കുന്നതാണ്.
2. ബാങ്ക് സാധുത ഉറപ്പാക്കിയതിനു ശേഷം മാത്രമേ കാർഡ് വീണ്ടും പ്രവർത്തനക്ഷമമാവൂ.
3. ഇത്തരം കാർഡുകൾ നിർദ്ദേശാനുസരണം ആർബിഐയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്

## എടിഎം ഉപയോഗം

1. ഏതെങ്കിലും ബാങ്ക് എടിഎമ്മിൽ നിന്നും പണം പിൻവലിക്കാൻ കെ എം ആർ എൽ ആക സിസ് ബാങ്ക് 'കൊച്ചി 1' കാർഡ് ഉപയോഗിക്കാൻ കഴിയില്ല.

## ഫീസ്

1. ആക്സിസ് ബാങ്കിന്, മുൻകൂർ നോട്ടീസ് ഇല്ലാതെ, പിന്നീടുള്ള ഒരു തീയതിയിൽ കാർഡുടമകൾക്ക് ഫീസ് ഏർപ്പെടുത്താനുള്ള അവകാശം ഉണ്ട്. അത്തരം ഫീസുകൾ എന്തെങ്കിലും ഈടാക്കുകയാണെങ്കിൽ ആക്സിസ് ബാങ്കിന്റെ നിലവിലുള്ള നിരക്കിൽ കാർഡുടമയുടെ അംഗീകാരത്തിലോ/ പുതുക്കലിലോ നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിന്നും

ഈടാക്കുന്നതാണ്. മറ്റ് സേവനങ്ങൾക്കുള്ള നിലവിലുള്ള നിരക്കിൽ സമാന രീതിയിൽ ഈടാക്കുന്നതായിരിക്കും.

2. ബാലൻസ് അന്വേഷണത്തിനായുള്ള ഇടപാട് ഫീസ്, ബാധകമാകുന്നിടത്തെല്ലാം ബാലൻസ് അന്വേഷണം പോസ്റ്റുചെയ്യുന്ന സമയത്ത് കാർഡ് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യപ്പെടും.
3. 30 ദിവസത്തെ അല്ലെങ്കിൽ കാർഡുടമകൾക്ക് ഉള്ള ചട്ടങ്ങൾ അനുസരിച്ച് കാർഡ് ഉപയോഗത്തിനുള്ള ബാധകമായ ചാർജ് / ഫീസ് ആക്സിസ് ബാങ്ക് സമയാസമയങ്ങളിൽ പുതുക്കുകയോ/ മാറ്റുകയോ ചെയ്തേക്കാം.
4. കാർഡിന്റെ ലോഡിംഗ് / വാർഷിക / പുതുക്കൽ ചാർജുകളും മറ്റ് സേവന നിരക്കുകളും ബാധകമായ നിരക്കിൽ ആദ്യം റീലോഡ് ചെയ്യുമ്പോഴോ അല്ലെങ്കിൽ കാലാകാലങ്ങളിലോ ഡെബിറ്റ് ചെയ്യുവാനുള്ള അവകാശം ആക്സിസ് ബാങ്കിന് ഉണ്ടായിരിക്കും.
5. രണ്ടാം വർഷത്തേക്കും മൂന്നാം വർഷത്തേക്കും ഉള്ള വാർഷിക ഫീസ് ആദ്യ വർഷവും രണ്ടാം വർഷവും പൂർത്തിയാക്കിയതിനു ശേഷം തൊട്ടു വരുന്ന മാസത്തിന്റെ ആദ്യം, മധ്യം, അല്ലെങ്കിൽ അവസാനം ഈടാക്കുന്നതിന് ആക്സിസ് ബാങ്കിന് അവകാശം ഉണ്ടായിരിക്കും.
6. കാർഡ് ക്ലോസ് ചെയ്യുക/ ക്യാൻസൽ ചെയ്യുക/ ഏതെങ്കിലും സൗകര്യം പിൻവലിക്കുക എന്നിവയിൽ ഏതെങ്കിലും ചെയ്യുന്ന സമയത്ത്, ഏതെങ്കിലും കുടിശ്ശിക ഉണ്ടെങ്കിൽ മുഴുവനായോ ഭാഗികമായോ, കാർഡിൽ ബാധകമായതു പോലെ ഡെബിറ്റ് ചെയ്യുന്നതിന് ആക്സിസ് ബാങ്കിന് അവകാശം ഉണ്ടായിരിക്കും.
7. കാർഡിൽ ലഭ്യമായതോ / ലോഡുചെയ്തിരിക്കുന്നതോ ആയ തുകയിൽ ബാങ്ക് പലിശ നൽകുന്നതല്ല.

## ചാർജുകളുടെ പട്ടിക

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| കാർഡ് ഇഷ്യുവൻസ് ഫീസ് | 150.00 |
| വാർഷിക ഫീസ് | 75.00 |
| ലോഡിംഗ് / ടോപ്പ് അപ്പ് ഫീസ് | INR 12.00 വരെയുള്ള ഇടപാട് തുകയുടെ 1.8% |
| കാർഡ് റീപ്ലേസ്മെന്റ് ഫീസ് | 150.00 |
| ബാലൻസ് അന്വേഷണ ഫീസ് | 00.00 |

ശ്രദ്ധിക്കുക: ബാങ്കിൻ്റെയും പങ്കാളി ക്രമീകരണത്തിൻ്റെയും വിവേചനാധികാരത്തിൽ ഫീസ് കാലാകാലങ്ങളിൽ മാറ്റത്തിന് വിധേയമാണ്. ചരക്ക് സേവന നികുതി (ജിഎസ്ടി) ഉൾപ്പെടെയുള്ള ബാധകമായ എല്ലാ നികുതികളും ഉൾപ്പെടുന്നതാണ് ഇത്തരം നിരക്കുകൾ.

** സാമ്പത്തികേതര ഇടപാടുകളിൽ കാർഡ് ബ്ലോക്ക് ചെയ്യൽ, ബാലൻസ് അന്വേഷണം, കാർഡ് സ്റ്റേറ്റ്മെൻ്റ്, പിൻ സെറ്റ് മുതലായവ ഉൾപ്പെടുന്നു.

## പ്രീപെയ്ഡ് കാർഡിന്റെ സവിശേഷതകൾ

കാലാകാലങ്ങളിൽ ബാങ്കിന്റെ വിവേചന പ്രകാരം, വിവിധ ഏജൻസികളുമായി സഹകരിച്ച് നിങ്ങളുടെ കാർഡിന് നിരവധി സവിശേഷതകൾ വാഗ്ദാനം ചെയ്യാവുന്നതാണ്. ഈ സവിശേഷതകളെല്ലാം മികച്ച പരിശ്രമം എന്ന അടിസ്ഥാനത്തിൽ മാത്രമാണ്. ഏതെങ്കിലും സേവനദാതാക്കൾ / വ്യാപാരികൾ / ഔട്ട്ലെറ്റുകൾ / ഏജൻസികൾ എന്നിവ നൽകുന്ന ഏതെങ്കിലും ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ ഫലപ്രാപ്തി, കാര്യക്ഷമത, പ്രയോജനം എന്നിവയും / അല്ലെങ്കിൽ തുടർച്ചയായ ലഭ്യതയും സംബന്ധിച്ച് ബാങ്ക് / കെഎംആർഎൽ ഉറപ്പോ വാറന്റിയോ നൽകുന്നില്ല. തർക്കങ്ങൾ (എന്തെങ്കിലുമുണ്ടെങ്കിൽ) ആക്സിസ് ബാങ്കിനെയോ കെഎംആർഎൽ–നെയോ ഉൾപ്പെടുത്താതെ വ്യാപാരി / ഏജൻസി തുടങ്ങിയവരോട് കാർഡ് ഉടമ നേരിട്ട് ഇടപെടേണ്ടതാണ്.

## മെട്രോ യാത്രകളിൽ ഇളവ്

മെട്രോ യാത്രക്കൂലിയിലോമെട്രോ പാസുകളിലോ നൽകുന്ന എതൊരു ഇളവും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ വിവേചനാധികാരമാണെന്നും ആക്സിസ് ബാങ്കിന് അത്തരം ഇളവുകളിൽ യാതൊരു

അധികാരവും അവകാശവും കടപ്പാടും ഇല്ലെന്നുള്ള വസ്തുത കാർഡ് ഉടമ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.മെട്രോ കാർഡ്, മെട്രോ അധികാരികളുടെ സഹകരണത്തോടെയുള്ള കോ–ബ്രാൻഡഡ് കാർഡ് ആയതിനാൽ കാർഡിന് നൽകേണ്ട ഇളവിന്റെ ശതമാനം അല്ലെങ്കിൽ കുറഞ്ഞ അഥവാ കൂടിയ തുക അവരാണ് തീരുമാനിക്കുന്നത്. കെഎംആർഎല്ലിന്റെ പ്രവർത്തന പ്രക്രിയയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നമെട്രോ ഗേറ്റുകളിലോ ടിക്കറ്റ് കൗണ്ടറുകളിലോ ഈ ഇളവ് ബാധകമാണ്.

## വിവരങ്ങളുടെ വെളിപ്പെടുത്തൽ

1. ബാങ്കിന് ആവശ്യമായിവരുന്ന വിവരങ്ങൾ, രേഖകൾ അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ എന്നിവ ആക്സിസ് ബാങ്ക് ആവശ്യപ്പെടുന്ന മുറയ്ക്ക് നിങ്ങൾ നൽകേണ്ടതാണ്. ഏതു രീതിയിലൂടെയും ആവശ്യമെന്നു തോന്നുന്ന ഏതൊരുമാർഗത്തിലൂടെയും, നൽകപ്പെട്ട വിവരങ്ങളുടെ സത്യസന്ധത പരിശോധിക്കാൻ നിങ്ങൾ ആക്സിസ് ബാങ്കിനെ അധികാരപ്പെടുത്തുകയും ചെയ്യും. ഡാറ്റ നൽകാതിരിക്കുകയോ നൽകിയിട്ടുള്ള ഡാറ്റ തെറ്റായിരിക്കുകയോ ആണെങ്കിൽ, ആക്സിസ് ബാങ്കിന് അതിന്റെ വിവേചനാധികാരം ഉപയോഗിച്ച് കാർഡ് പുതുക്കൽ നിരസിക്കുകയോ കാർഡ് സത്വരം റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

2. അധികാരപ്പെടുത്തപ്പെട്ട കോടതികൾ, അർധ– ജുഡീഷ്യൽ അധികാരികൾ, നിയമ നിർവ്വഹണ ഏജൻസികൾ, റഗുലേറ്ററി അതോറിറ്റികൾ എന്നിവയ്ക്കും കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെ ഏതെങ്കിലും വിഭാഗങ്ങൾക്കോ കാർഡുടമകളെ സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്താനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്.

3. കാർഡ് ഉടമയുടെ അക്കൗണ്ടിനോടു ബന്ധപ്പെട്ട വിവരങ്ങൾ, ഏതെങ്കിലും ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ നെറ്റ്‌വർക്കിലെ പങ്കാളിത്തത്തോടുള്ള ബന്ധത്തിൽ, അത്യാവശ്യമോ ഉചിതമോ ആയിരിക്കുമ്പോൾ അതീവ രഹസ്യസ്വഭാവത്തിൽമറ്റു സ്ഥാപനങ്ങൾക്കു വെളിപ്പെടുത്തുന്നതിനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്.

4. കാർഡ് ഉടമയുടെ വ്യക്തിപരമായ വിവരങ്ങൾ, കാർഡ് ഉപയോഗിച്ചുള്ള ഇടപാടുകൾ, കാർഡ് അക്കൗണ്ട് അഥവാ ബാങ്കുമായുള്ള ഇടപാടുകൾ എന്നിവ ഹെഡ് ഓഫീസ്, മറ്റു ശാഖകൾ, അനുബന്ധസ്ഥാപനങ്ങൾ, ബാങ്കുമായി ബന്ധമുള്ള അല്ലെങ്കിൽ അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതിടത്തുമുള്ള കോർപ്പറേഷനുകൾ, ഇന്ത്യയിലോ മറ്റെവിടെയെങ്കിലുമോ ഉള്ള ഗവൺമെന്റ്, റഗുലേറ്ററി ഏജൻസികൾ, ബാങ്കിന്റെ പ്രയോജനത്തിനായി സേവനമനുഷ്ഠിക്കുന്നതിന് കരാറധിഷ്ഠിത ഏജന്റുമാർ അല്ലെങ്കിൽ കോൺട്രാക്ടർമാർ എന്നിവർക്കും നിയമം അനുശാസിക്കുന്ന ഏതു വ്യക്തിക്കും അഥവാ വ്യക്തികൾക്കും, ഉചിതമെന്ന് ബാങ്ക് കരുതുന്ന ഏതൊരാൾക്കും ഏതു സാഹചര്യത്തിലും ഏത് ഉദ്ദേശ്യത്തിലും വെളിപ്പെടുത്തുന്നതിന് കാർഡ് ഉടമ ബാങ്കിനെ ഇതിനാൽ അധികാരപ്പെടുത്തുന്നു.

## കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്യുമ്പോൾ

1. കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ കാർഡ് ഉടമ, നഷ്ടം / മോഷണം ഉടനടി ആക്സിസ് ബാങ്കിൽ അറിയിക്കണം. അടിയന്തിര സമ്പർക്ക നമ്പർ ഉപയോഗിച്ച് നഷ്ടമോ മോഷണമോ അറിയിക്കാമെങ്കിലും ആക്സിസ് ബാങ്കിലേക്ക് ഇ–മെയിൽ അയച്ചുകൊണ്ട് എത്രയും പെട്ടെന്ന് വസ്തുത സ്ഥിരീകരിക്കണം.

2. കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്തശേഷം, എന്നാൽ ഇ–മെയിലിലൂടെയുള്ള നിങ്ങളുടെ ആശയവിനിമയം ലഭിക്കുന്നതിനു മുമ്പ്ആക്സിസ് ബാങ്കിൽ ഇടപാടുകൾ സ്വീകരിക്കുകയാണെങ്കിൽ,നിങ്ങളുടെ കാർഡ് അക്കൗണ്ടിൽനിന്ന് കിഴിവ് ചെയ്യപ്പെടുന്ന ഏതു തുകയ്ക്കും നിങ്ങൾബാധ്യസ്ഥരാണ്. എന്നിരുന്നാലും, ഇ–മെയിൽ സന്ദേശം ലഭിക്കുന്നതിനു മുൻപായി, കാർഡ് കാത്തുസൂക്ഷിക്കപ്പെട്ടിരുന്നു എന്ന് തെളിയിക്കാൻ കഴിയുകയും, നഷ്ടപ്പെട്ട/മോഷണം നടന്ന ഉടനെ റിപ്പോർട്ട് ചെയ്യുകയും നിങ്ങൾ ഉത്തമ വിശ്വാസത്തോടെ പ്രവർത്തിക്കുകയും ന്യായമായ ശ്രദ്ധയും ശുഷ്കാന്തിയും പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ,അതിനുശേഷം നിങ്ങളുടെ നഷ്ടപ്പെട്ട കാർഡ് ബാധ്യതാ വാങ്ങൽ ഇടപാടുകൾ പൂജ്യം ആയിരിക്കും (നഷ്ടപ്പെട്ട വിവരം ഇ–മെയിലിൽ റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ).നഷ്ടപ്പെട്ട കാർഡ് ബാധ്യത പൂജ്യമായി കുറയ്ക്കുന്നതിനുള്ള സമഗ്രമായ അവകാശം ആക്സിസ് ബാങ്കിന്റെസമ്പൂർണ വിവേചനാധികാരത്തിനു കീഴിൽ നിലനിർത്തുന്നു.

3. വെൽക്കം കിറ്റിൽ നൽകിയിരിക്കുന്ന ഫോർമാറ്റിലും നമ്പറിലും ആക്സിസ് ബാങ്കിലേക്ക് എസ്എംഎസ് അയച്ചുകൊണ്ടോ ആക്സിസ് ബാങ്കിന്റെ കസ്റ്റമർ കെയറിൽ വിളിച്ചുകൊണ്ടോ കൊച്ചി1 മൊബൈൽ ആപ്പ് ഉപയോഗിച്ചുകൊണ്ടോ ആക്സിസ് ബാങ്കിന്റെ ഓൺലൈൻ പോർട്ടൽ വഴിയോ ഉടനടി കാർഡിന്റെ ഉപയോഗം തടയാൻ നിങ്ങളെ ഓർമിപ്പിക്കുന്നു.
4. നിങ്ങളുടെ കാർഡിലെ ചിപ്പ് ബാലൻസ് (പരമാവധി 500 രൂപ) റീഫണ്ട് ചെയ്യാനാകില്ല, പുതിയ കാർഡിലേക്ക് മാറ്റാനാകില്ല.
5. ഹോസ്റ്റ് ബാലൻസ് പുതിയ കാർഡിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്, ഇത് സാധാരണയായി 7-10 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ചെയ്യപ്പെടും.

## ഡിജിറ്റൽ ചാനലുകളുടെ ഉപയോഗത്തിനുള്ള അപകടസാധ്യത, ഉത്തരവാദിത്വം, ബാധ്യതകളും ചാർജുകളും

ആക്സിസ് ബാങ്ക് തന്റെ ഡിജിറ്റൽ ചാനലുകൾ ആക്സസ് ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും യാതൊരു ചാർജും ഫീസും ഈടാക്കുന്നില്ല. ബാങ്ക് നൽകുന്ന ഏതെങ്കിലും ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി സേവനങ്ങൾ ഉപയോഗിക്കുന്നതിലൂടെ, ഉപഭോക്താവ് അപകടസാധ്യത, ഉത്തരവാദിത്വം, ബാധ്യത എന്നിവയുമായി ബന്ധപ്പെട്ട താഴെ പറയുന്ന നിബന്ധനകൾ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

**ഉപഭോക്താവിന്റെ ഉത്തരവാദിത്വം:**

ഉപഭോക്താവ് തന്റെ ലോഗിൻ ക്രെഡൻഷ്യൽസ്, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, ഉപകരണങ്ങൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നിവയുടെ രഹസ്യതയും സുരക്ഷിത ഉപയോഗവും നിലനിർത്തുന്നതിനുള്ള ഉത്തരവാദിത്വം വഹിക്കും. ഉപഭോക്താവിന്റെ അശ്രദ്ധ, അലംഭാവം, അല്ലെങ്കിൽ ഈ വിവരങ്ങൾ സംരക്ഷിക്കാൻ പരാജയപ്പെടുന്നതിലൂടെ ഉണ്ടാകുന്ന അനധികൃത ആക്സസ് അല്ലെങ്കിൽ ദുരുപയോഗം ഉപഭോക്താവിന്റെ ഉത്തരവാദിത്വമായിരിക്കും.

## സുരക്ഷയും തട്ടിപ്പിനുള്ള അപകടസാധ്യതകളും:

ബാങ്കിന്റെ നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും വിരുദ്ധമായി ഉപഭോക്താവ് തന്റെ ക്രെഡൻഷ്യൽസ്, OTP, PIN, പാസ്‌വേഡ് അല്ലെങ്കിൽ മറ്റ് രഹസ്യ വിവരങ്ങൾ പങ്കിടുകയോ വെളിപ്പെടുത്തുകയോ ചെയ്തതിലൂടെ ഫിഷിംഗ്, വിശിംഗ്, മാൽവെയർ ആക്രമണം, ഉപകരണത്തിന്റെ സുരക്ഷാ ലംഘനം, അല്ലെങ്കിൽ മൂന്നാം കക്ഷി തട്ടിപ്പ് എന്നിവ മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

## ഉപഭോക്താവിന്റെ ബാധ്യത:

ഉപഭോക്താവ് തന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, ഉപകരണം, ലോഗിൻ ക്രെഡൻഷ്യൽസ്, PIN, പാസ്‌വേഡ്, OTP എന്നിവയുടെ സുരക്ഷയ്ക്കായി പൂർണ്ണമായും ഉത്തരവാദിയാണ്. ഈ വിവരങ്ങൾ പങ്കുവെക്കുന്നതിലൂടെയോ സുരക്ഷ ലംഘിക്കപ്പെടുന്നതിലൂടെയോ ഉണ്ടാകുന്ന ഏതെങ്കിലും അനധികൃത ഇടപാടുകൾക്ക് ഉപഭോക്താവാണ് മുഴുവൻ ബാധ്യത വഹിക്കുക.

**അന്വേഷണവും പരാതി പരിഹാരവും**

1. ഏതെങ്കിലും ചോദ്യങ്ങളോ പരാതികളോ ഉണ്ടായാൽ, രാവിലെ 8:00 മുതൽ വൈകുന്നേരം 8:00 വരെ 18004194477 എന്ന നമ്പറിൽ ഞങ്ങളുടെ ഫോൺ ബാങ്കിംഗ് ടീമുമായി ബന്ധപ്പെടാൻ നിർദേശിക്കുന്നു.

2. നിങ്ങൾക്ക് www.axis.bank.in/kochi1 ലോഗിൻ ചെയ്യാനും കഴിയും.
3. transit.cards@axis.bank.in എന്ന ഇമെയിലിലേക്ക് എഴുതാനും കഴിയും.
4. ദയവായി ബാങ്കിന്‌റെ പരാതിനിവാരണ നയം പരിശോധിക്കുക: https://www.axis.bank.in/docs/default-source/default-document-library/grievance-redressal/grievance-redressal-policy.pdf

**കാർഡ് അക്കൗണ്ടിലെ അനധികൃത ഇലക്ട്രോണിക ബാങ്കിംഗ് ഇടപാടുകൾ**

1. സാധുതയുള്ള മൊബൈൽ നമ്പർ ബാങ്കിൽ നൽകിയിട്ടില്ലാത്ത ഉപഭോക്താക്കൾക്ക് എ.ടി.എം. ഉപയോഗിച്ചുള്ള പണം പിൻവലിക്കൽ ഒഴികെ മറ്റ് ഇലക്ട്രോണിക ഇടപാടുകളുടെ സൗകര്യം ബാങ്ക് നൽകുന്നതല്ല.

2. ഉപഭോക്താവിന് ലഭ്യമാക്കുന്ന ഏതെങ്കിലും സ്റ്റേറ്റ്മെന്റിൽ/രേഖകളിൽ മിച്ചതുകയുടെ കണക്കുകളിലോ/ഇടപാടുകളിലോ എന്തെങ്കിലും പിശകുകൾ കാണുകയാണെങ്കിൽ, ഏഴ് (7) ദിവസങ്ങൾക്കുള്ളിൽ ഉപഭോക്താവ് ബാങ്കിനെ എഴുതി അറിയിക്കേണ്ടതാണ്.

3. ഏഴ് (7) പ്രവർത്തിദിവസങ്ങൾ കഴിഞ്ഞശേഷം എന്തെങ്കിലും വിവരം ബാങ്കിന് ലഭിക്കുകയാണെങ്കിൽ, ഉപഭോക്താവിന്റെ ബാധ്യതയെ ബാങ്കിന്റെ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള ബാങ്ക് ബോഡ് അംഗീകരിച്ച നയത്തെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതാണ്.

4. ഇതോടൊപ്പമുള്ള ഉപാധികളും നിർദ്ദേശങ്ങളും പ്രകാരം ഇലക്ട്രോണികമായോ, ഡോക്യുമെന്റുകൾ മുഖേനയോ ബാങ്ക് പരിപാലിച്ചുപോരുന്ന താങ്കളുടെ എല്ലാ നിർദ്ദേശങ്ങളും, അത്തരത്തിലുള്ള മറ്റ് വിവരങ്ങളും (ഉൾപ്പെടെ എന്നാൽ നടത്തപ്പെടുന്നതോ സ്വീകരിക്കപ്പെടുന്നതോ ആയ ഇടപാടുകൾ പണമൊടുക്കലുകൾക്ക് പരിമിതപ്പെടുത്തിയിട്ടില്ല) അത്തരം നിർദ്ദേശങ്ങളുടെയും അത്തരത്തിലുള്ള മറ്റ് വിശദാംശങ്ങളുടെയും നിർണയക തെളിവായി താങ്കൾക്ക് പ്രതികൂലമായി കണക്കാക്കുന്നതാണ്.

5. പറയപ്പെട്ടിരിക്കുന്ന അക്കൗണ്ടുമായുള്ള ബന്ധത്തിൽ അക്കൗണ്ടിലോ അല്ലെങ്കിൽ അക്കൗണ്ടുമായുള്ള മറ്റേതെങ്കിലും വിഷയത്തിലോ നടത്തപ്പെടുന്ന ഇടപാട്/കളെയോ, റിപ്പോർട്ട് ചെയ്യപ്പെടുന്ന സമയത്തെയോ സംബന്ധിക്കുന്ന എന്തെങ്കിലും വാദമുഖങ്ങൾ ഉണ്ടാകുന്നപക്ഷം, ആ സമയത്തെയുമോ/സമയത്തെയും തർക്കവിഷയമായ ഇടപാടിന്റെ ആധികാരികതയും, മൂന്നാംകക്ഷി പറ്റിപ്പ് കാരണമായുള്ള താങ്കളുടെ കാർഡ് അക്കൗണ്ടിലെ അനധികൃത ഇടപാടുകളിന്മേൽ താങ്കൾക്കുള്ള ബാധ്യതയേയും, അതുമല്ലെങ്കിൽ താങ്കൾ പറ്റിപ്പിനുവേണ്ടി സംഭാവന ചെയ്തിട്ടില്ല എന്നതിനെയും 'ഉപഭോക്തൃ സംരംക്ഷണം– അനധികൃതമായ ഇലക്ട്രോണിക ബാങ്കിംഗ് ഇടപാടുകളിലുള്ള ഉപഭോക്താവിന്റെ പരിമിതമായ ബാധ്യത' എന്ന ആർ.ബി.ഐ ന്റെ സർക്കുലറിൽ പറഞ്ഞിരിക്കുന്ന മാർഗ്ഗരേഖയനുസരിച്ച് നടത്തപ്പെടും. സമയാസമയം ഭേദഗതി ചെയ്യപ്പെടുന്ന വ്യവസ്ഥകളിലെ ഏതൊരു മാറ്റങ്ങളും ആ പ്രത്യേക സമയത്തിന് ബാധകവും നിർബന്ധവും ആയിരിക്കും.

6. ഉപഭോക്തൃ സംരക്ഷണത്തിനുള്ള/ഉപഭോക്തൃപരിഹാരത്തിനുള്ള വിവരങ്ങൾക്ക്, ദയവായി ഞങ്ങളുടെ www.axisbank.com എന്ന വെബ്സൈറ്റിൽ അന്വേഷിച്ചാലും.

**പ്രസ്താവനകളും രേഖകളും**

1. ആക്സിസ് ബാങ്ക് ഫോൺ ബാങ്കിംഗ് സർവീസിൽ (എല്ലാ ദിവസങ്ങളിലും രാവിലെ8.00 മുതൽ രാത്രി 8.00 വരെ) വിളിച്ച് അല്ലെങ്കിൽ ആക്സിസ് ബാങ്ക് എടിഎമ്മുകളിലെ മിനി സ്റ്റേറ്റ്മെൻറ് സൗകര്യമുപയോഗിച്ച് കാർഡുടമയ്ക്ക് എപ്പോൾ വേണമെങ്കിലും തന്റെ ഇടപാടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയും.

2. ഇലക്ട്രോണിക് / ഡോക്യുമെന്ററി രൂപത്തിലുള്ള (പണമടയ്ക്കലിലോ പണം സ്വീകരിക്കുന്നതിലോ പരിമിതപ്പെട്ടിരിക്കാതെ എന്നാൽ അവയുൾപ്പെടെയുള്ള) നിർദേശങ്ങളായി കാർഡ് ഉപയോഗിച്ച് സംസ്കരിക്കുന്ന ഇടപാടുകൾ സംബന്ധിച്ചുള്ള ആക ്സിസ് ബാങ്കിന്റെ രേഖകൾ സമഗ്രവും എല്ലാ ഉദ്ദേശ്യങ്ങൾക്കും ബാധകവും ആയിരിക്കും.

## തർക്കങ്ങൾ

1. വാങ്ങൽ ഇടപാടുകളുടെ കാര്യത്തിൽ, കാർഡുടമയുടെ ഒപ്പോടുകൂടിയ, കാർഡ് നമ്പർ രേഖപ്പെടുത്തിയഒരുചാർജ് സ്ലിപ്പ്,കാർഡ് ഉടമയുടെ ബാധ്യത സംബന്ധിച്ച ആക്സിസ് ബാങ്കും കാർഡുടമയും തമ്മിലുള്ള അനിഷേധ്യമായ തെളിവാണ്. കാർഡുടമ വാങ്ങിയ വസ്തുക്കൾ ലഭിച്ചിട്ടുണ്ടെന്നോ കാർഡുടമയ്ക്ക് സംതൃപ്തികരമായ സേവനം ലഭിക്കുന്നുണ്ടന്നോ ഉറപ്പുവരുത്താനുള്ള ബാധ്യത ബാങ്കിനില്ല.

2. ആക്സിസ് ബാങ്ക് കാർഡുടമകളുടെ വിയോജിപ്പ് പരിഹരിക്കാൻ നിയമസാധുതയുള്ളതും ന്യായവുമായ പരിശ്രമം നടത്തുന്നതായിരിക്കും. ഇതിന് അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽസൂചിപ്പിച്ചിട്ടുള്ള, അല്ലെങ്കിൽ കാർഡുടമ നിശ്ചയിക്കുന്ന ഒരുചാർജ് ചുമത്തുന്നതാണ്. അത്തരത്തിലുള്ള ഏതു വിയോജിപ്പിന്റെ കാര്യത്തിലും പൂർണ വിശദാംശങ്ങളും പിന്തുണയ്ക്കുന്ന തെളിവുകളും സഹിതം കാർഡുടമ രേഖാമൂലം നൽകുന്ന പരാതി സ്വീകരിച്ച് രണ്ടു മാസത്തിനുള്ളിൽ അന്വേഷണം നടക്കും. അന്വേഷണത്തിൽ, ഉന്നയിക്കപ്പെട്ട ആരോപണം സത്യമാണെന്ന് ആക്സിസ് ബാങ്ക് കണ്ടെത്തുകയാണെങ്കിൽ അത് കാർഡുടമയെ അറിയിക്കുന്നതായിരിക്കും.

3. ഏതെങ്കിലും കച്ചവട സ്ഥാപനം ഈ കാർഡ് അംഗീകരിക്കാൻ വിസമ്മതിക്കുന്നെങ്കിൽആക ്സിസ് ബാങ്കിന് യാതൊരു ഉത്തരവാദിത്തവുംഉണ്ടായിരിക്കില്ല.

4. ഈ കരാർ ഇന്ത്യയിലെ നിയമങ്ങൾക്ക് അനുസൃതമായി രൂപപ്പെടുത്തപ്പെട്ടതും അവയാൽനിയന്ത്രിക്കപ്പെടുന്നതും ആയിരിക്കും. മറ്റേതെങ്കിലും കോടതികൾക്ക് ഇക്കാര്യത്തിൽ സംയോജിതമായി അധികാര പരിധിയുണ്ടെങ്കിലും എല്ലാ തർക്കങ്ങളും, ഇന്ത്യയിൽ മുംബൈയിലുള്ള കോടതികളുടെ പൂർണ അധികാരപരിധിക്ക് വിധേയമാണ്.

5. കുടിശ്ശിക ഈടാക്കൽ,നിയമപരമായ ചെലവുകൾ (ഈ വിഷയം ഏതെങ്കിലും നിയമ ഏജൻസിയെ / അധികൃതരെ അറിയിക്കേണ്ടത് അത്യാവശ്യമായിരിക്കുമ്പോൾ), കാർഡുടമയ്ക്ക് മേൽപ്പറഞ്ഞ കാർഡിന്റെ കാര്യത്തിലുള്ള തർക്കം പരിഹരിക്കുന്നതിന് നിയമ വിഭവങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവയും ഉൾപ്പെടെ എല്ലാ ചെലവുകളും കാർഡുടമ വഹിക്കേണ്ടതാണ്.

## പൊതു വിവരങ്ങൾ

1. നിങ്ങളുടെ തൊഴിൽ / ഓഫീസ് /താമസസ്ഥലം/ വിലാസം/ ടെലിഫോൺ / മൊബൈൽ നമ്പർ എന്നിവയിൽഎന്തെങ്കിലും മാറ്റമുണ്ടായാൽ ഉടൻതന്നെ ആക്സിസ് ബാങ്കിനെ രേഖാമൂലം അറിയിക്കണം.

2. കാർഡുടമയെ അറിയിച്ചശേഷം, നിബന്ധനകൾ, വ്യവസ്ഥകൾ,സവിശേഷതകൾ, ആനുകൂല്യങ്ങൾ എന്നിവ കൂട്ടിച്ചേർക്കാനോ ഇല്ലാതാക്കാനോ അവയിൽ മാറ്റം വരുത്താനോ ഉള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. ഈ മാറ്റങ്ങളിൽ ഏതെങ്കിലും പ്രാബല്യത്തിൽ വരുത്തുന്ന തീയതിക്കുശേഷം കാർഡ് ഉപയോഗിക്കുന്നത്, യാതൊരു വിയോജിപ്പുമില്ലാതെ,അത്തരം മാറ്റങ്ങൾ കാർഡ് ഉടമ അംഗീകരിക്കുന്നതിനുള്ള തെളിവായി കണക്കാക്കപ്പെടും.

3. ഇനിമുതൽ തപാൽ സംവിധാനം വഴി ആക്സിസ് ബാങ്ക്, ഏറ്റവും ഒടുവിൽ കാർഡുടമ ബാങ്കിൽ രേഖാമൂലം നൽകിയിരിക്കുന്ന വിലാസത്തിലേക്ക് അയയ്ക്കുന്ന ഏതെങ്കിലും അറിയിപ്പ്,അയച്ച് 7 (ഏഴ്) ദിവസത്തിനുള്ളിൽ കാർഡുടമ സ്വീകരിച്ചതായി കണക്കാക്കും. അത്തരം മാർഗങ്ങൾ സംബന്ധിച്ച് ആക്സിസ് ബാങ്കിന് ഉചിതമെന്നു തോന്നുന്ന മാറ്റങ്ങൾ ഉണ്ടാകുമ്പോൾ കാർഡുടമയെ ഫലപ്രദമായ മാർഗങ്ങളിലൂടെ അറിയിക്കുന്നതായിരിക്കും.

4. മൂന്നാം കക്ഷികളോ / കച്ചവട സ്ഥാപനങ്ങളോ പോലെ കാർഡ് ഉടമകൾക്ക് ഇളവുകൾ പോലെയുള്ള ആനുകൂല്യങ്ങൾ നൽകുന്നവർ വാഗ്ദാനം ചെയ്യുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ഗുണനിലവാരം സംബന്ധിച്ച് ആക്സിസ് ബാങ്കോ കെഎംആർഎല്ലോ യാതൊരു വാറന്റിയും നൽകുന്നതല്ല. സാധനങ്ങളോ സേവനങ്ങളോ ഏതെങ്കിലും വിധത്തിൽ വികലമാകുകയോ താമസിച്ചു ലഭ്യമാകുകയോ കിട്ടാതിരിക്കുകയോ കേടുപറ്റിയ സാധനങ്ങൾ കിട്ടുകയോ കിട്ടാതിരിക്കുകയോ എന്നിങ്ങനെ എന്തുതന്നെ സംഭവിച്ചാലും ആക്സിസ് ബാങ്കിനോ കെഎംആർഎല്ലിനോ യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുകയില്ല.

കാർഡ്, കാർഡുടമയ്ക്ക് സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനം മാത്രമാണെന്നും സാധനങ്ങളോ സാധനങ്ങളുടെ വാറന്റിയോ സംബന്ധിച്ച് ആക്സിസ് ബാങ്കിനോ കെഎംആർഎല്ലിനോ യാതൊരു ഉത്തരവാദിത്തവും ഇല്ലെന്നുള്ളതും വ്യക്തമായി മനസ്സിലാക്കേണ്ടതാണ്.

## പണം നിരസിക്കാനുള്ള കഴിവ്

1. നിയമം മറ്റു വിധത്തിൽ ആവശ്യപ്പെടുന്നില്ലാത്ത സാഹചര്യത്തിൽ, കാർഡ് ഉപയോഗിച്ച് ഇടപാടുകൾ നടത്താനുള്ള കാർഡുടമയുടെ കഴിവു സംബന്ധിച്ച് ബാങ്ക് ഉത്തമ വിശ്വാസത്തിലെടുക്കുന്ന പ്രശ്നം സംബന്ധിച്ച്എന്തെങ്കിലും പ്രക്രിയ, സമൻസ്, ഉത്തരവ്, തടസ്സപ്പെടുത്തൽ, നിർവ്വഹണം, തിരച്ചിൽ, ലെവി, കുത്തക, വിവരങ്ങൾ അല്ലെങ്കിൽ നോട്ടീസ് എന്നിവ ലഭിക്കുന്നപക്ഷം, ബാങ്ക് അതിന്റെ വിവേചനാധികാരം ഉപയോഗിച്ച്, കാർഡുടമയുടെ ഫണ്ടിന്റെ ഏതെങ്കിലും ഭാഗം കൊടുക്കുന്നതിനുള്ള ബാധ്യതയില്ലാതെ, അത്തരം ഫണ്ടുകൾ ഉചിതമായിട്ടുള്ള അധികാരികളെ ഏൽപ്പിക്കുകയും ബാധകമായ നിയമമനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.
2. ന്യായമായ സേവനച്ചെലവും കാർഡ് ഉൾപ്പെട്ട നിയമ നടപടികൾക്കായി ബാങ്കിന് ഉണ്ടാകുന്ന ചെലവുകൾ ഉൾപ്പെടെ പരിധിയില്ലാത്ത, ന്യായമായനിയമചെലവുകളും, കാർഡിൽ ലഭ്യമായ തുകയിൽനിന്ന് ഈടാക്കാനുള്ള അവകാശം ബാങ്കിന് ഉണ്ടായിരിക്കും.

## പ്രവർത്തനം അവസാനിപ്പിക്കൽ

1. മുൻകൂട്ടി അറിയിപ്പ് നൽകാതെയും, യാതൊരു കാരണവും ചൂണ്ടിക്കാണിക്കാതെയുംഎപ്പോൾ വേണമെങ്കിലും കാർഡും വാഗ്ദാനം ചെയ്ത മറ്റേതെങ്കിലും സേവനങ്ങളും റദ്ദാക്കുന്നതിനോ പിൻവലിക്കുന്നതിനോ ഉള്ള അവകാശം ആക ്സിസ് ബാങ്കിന് ഉണ്ടായിരിക്കും.പ്രീപെയ്ഡ് കാർഡ് സംവിധാനം അവസാനിപ്പിക്കാൻ കാർഡുടമ തീരുമാനിച്ചാൽ, കാർഡ് സ്വതവേ റദ്ദാക്കപ്പെടും. അതിനുശേഷം കാർഡുടമ സത്വരം കാർഡിന്റെ ഉപയോഗം അവസാനിപ്പിക്കുകയും അത് നശിപ്പിക്കുകയും തിരികെ നൽകുകയും വേണം. കാർഡ് അക്കൌണ്ടിലേക്ക് ഡെബിറ്റ് ചെയ്തിട്ടില്ലാത്ത ഏതെങ്കിലും ഇടപാടിന്റെ കാര്യത്തിൽ, കാർഡുടമയുടെ കാർഡ് അക്കൗണ്ടിൽ ബാലൻസ് തുക ഉണ്ടെങ്കിൽ, ആക്സിസ് ബാങ്ക് ബാലൻസ് തിരികെ നൽകുന്നതിന് മുമ്പുതന്നെ ബാലൻസിൽനിന്ന് മേൽപ്പറഞ്ഞ തുക ഒഴിവാക്കും.
2. കാർഡിന്റെ ഉപയോഗം അവസാനിപ്പിക്കാൻ കാർഡുടമ തീരുമാനിച്ചാൽ, ആക്സിസ് ബാങ്കിന് രേഖാമൂലം 7 (ഏഴ്) ദിവസത്തെ മുൻകൂർ അറിയിപ്പു നൽകുകയും ഒപ്പം ഉടനടി കാർഡും മേൽപ്പറഞ്ഞ കാർഡ് പ്രോഗ്രാമിൽ ഉൾപ്പെടുന്ന മറ്റ് കാർഡ് ഹോൾഡർ കാർഡുകളും (ആവശ്യമില്ലെങ്കിൽ) കാന്തിക സ്ട്രിപ്പിലൂടെ നിരവധി കഷണങ്ങളായി മുറിച്ച് സത്വരം തിരികെ നൽകുകയും ചെയ്യേണ്ടതാണ്.
3. പ്രവർത്തനം നിർത്തലും ഈ രേഖയിൽ ഉൾപ്പെട്ടിരിക്കുന്നനിബന്ധനകളുടെയും വ്യവസ്ഥകളുടെയും ബാധകമാക്കലും ഉൾപ്പെടെ, കാർഡുടമയുടെ കാർഡ് പ്രവർത്തനം നിറുത്തുന്നതിനുള്ള അറിയിപ്പ് ആക്സിസ് ബാങ്കിന്റെ സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്തിട്ടില്ലെങ്കിൽ, ആ കാർഡ് ഉപയോഗിച്ചു നടക്കുന്ന ഇടപാടുകൾക്കു മാത്രമല്ല എല്ലാ ഉപയോഗത്തിനും ദുരുപയോഗത്തിനും വഞ്ചനാപരമായ ഉപയോഗത്തിനും കാർഡുടമ തുടർന്നും ഉത്തരവാദിയായിരിക്കും.
4. ദുരുപയോഗത്തിന്റെയോ വഞ്ചനാപരമായ ഉപയോഗത്തിന്റെയോ ഫലമായിരുന്നാലുംകാർഡ് നശിപ്പിക്കപ്പെട്ടതിനെക്കുറിച്ച് ആക്സിസ് ബാങ്കിനെ അറിയിച്ചുണ്ടെങ്കിലും പ്രീപെയ്ഡ് കാർഡിൽ വരുന്ന എല്ലാ ചെലവുകൾക്കുമുള്ള ഉത്തരവാദിത്തം കാർഡുടമയ്ക്കു തന്നെയായിരിക്കും.
5. പ്രീപെയ്ഡ് കാർഡ് സംവിധാനം ഉടനടി അവസാനിപ്പിക്കാൻ ആക്സിസ് ബാങ്കിന് അധികാരമുണ്ടായിരിക്കും. ഇനിപ്പറയുന്ന ഏതെങ്കിലും കാര്യം നടക്കുമ്പോൾ കാർഡ് തിരികെ നൽകേണ്ടതാണ്:

- ഇവിടെ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിക്കുന്നതിൽ വീഴ്ച സംഭവിക്കുന്നു.
- ആക്സിസ് ബാങ്കുമായുള്ള ഉടമ്പടിയിൽ അല്ലെങ്കിൽ പ്രതിബദ്ധതയിൽ (ഘടകം അല്ലെങ്കിൽ മറ്റൊരു വിധത്തിൽ) പിഴവ് സംഭവിക്കുന്നു.
- കാർഡുടമ മരിക്കുന്നു.

6. കാർഡിനു ബാധകമായ സവിശേഷതകളോ ചാർജിന്റെ നിബന്ധനകളോ വ്യവസ്ഥകളോ മാറ്റങ്ങളോ സംബന്ധിച്ച് കാർഡുടമയ്ക്ക് എതിർപ്പുണ്ടെങ്കിൽ, ഏതു മാറ്റങ്ങളും പ്രാബല്യത്തിൽ വരുത്തുന്ന തീയതിക്ക് മുമ്പായി ആക്സിസ് ബാങ്കിൽ കാർഡ് തിരികെ നൽകിയിരിക്കണം.
7. (ആറ്) മാസത്തിനുള്ളിൽ കാർഡിൽ ഏതെങ്കിലും ക്രെഡിറ്റ് /പണമടയ്ക്കൽ സംഭവിക്കാതിരിക്കുകയോ കൂടാതെ കാർഡിലെ ലഭ്യമായ ബാലൻസ് ശൂന്യമായിരിക്കുകയോ അത് കാർഡുടമയിൽനിന്ന് ഈടാക്കുന്ന വാർഷിക സംഖ്യയിൽ കുറവായിരിക്കുകയോ ചെയ്യുമ്പോൾ, മുൻകൂട്ടി അറിയിക്കാതെയും കാരണം സൂചിപ്പിക്കാതെയുംഏതു സമയത്തും കാർഡോ അപ്പോൾ നിലവിലുള്ള സേവനങ്ങളോ റദ്ദാക്കുന്നതിനോ പിൻവലിക്കുന്നതിനോ ഉള്ള അവകാശം ബാങ്കിനുണ്ടായിരിക്കും.
8. കാർഡ് സംവിധാനത്തിന് ബാധകമായ നിയമത്തിനും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കും ഇതിന്റെ പ്രവർത്തനം. കൂടാതെ നിലവിലുള്ള നിയമം/നിയന്ത്രണം എന്നിവയുടെ അടിസ്ഥാനത്തിൽ ഏതു സമയത്തും അത് മാറ്റുകയും / അവസാനിപ്പിക്കുകയും ചെയ്യാം. മാത്രമല്ല ഒരു നിശ്ചിത കാലയളവിൽ നിലവിലുള്ള / ഭേദഗതി ചെയ്ത നിയമമനുസരിച്ച്സംവിധാനത്തിനു ഭേദഗതി വരുത്തുന്നതുവരെ അത് തുടരാനോ നടപ്പിലാക്കാനോ ഇരു കക്ഷികൾക്കും ബാധ്യതയുണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും സാഹചര്യത്തിൽ നിലവിലുള്ള നിയമത്തെ പൂർണ്ണമായി അനുസരിക്കാതെ ഈ സംവിധാനം തുടരാനാകില്ല എന്നുവന്നാൽ, നിയന്ത്രണവും വിലക്കും കൊണ്ടുവരുന്ന ആ ഭേദഗതി നിലവിൽ വരുന്ന തീയതി മുതൽ ഈ സംവിധാനം നിർത്തലാക്കിയതായി കണക്കാക്കേണ്ടതാണ്.

## ഭരണ നിയമവും അധികാര പരിധിയും

ഈ നിബന്ധനകളും വ്യവസ്ഥകളും കൂടാതെ ഇടപാടുകളും ഇന്ത്യൻ നിയമപ്രകാരമാണ് ഭരിക്കപ്പെടുന്നത്. കൂടാതെ, കാർഡിന്റെ ഉപയോഗത്തിൽ ഉണ്ടാകുന്ന തർക്കങ്ങൾ, അവകാശവാദങ്ങൾ അല്ലെങ്കിൽ പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് മുംബൈയിലെ എല്ലാ കോടതികൾക്കും സമഗ്രമായ അധികാരപരിധി ഉണ്ടായിരിക്കും. എന്നിരുന്നാലും, ആക്സിസ് ബാങ്കിന്, അതിന്റെ പൂർണ വിവേചനാധികാരം ഉപയോഗിച്ച് ഈ വ്യവസ്ഥകളും നിബന്ധനകളും സംബന്ധിച്ച് ഉണ്ടായേക്കാവുന്ന ഏതു നിയമനടപടികളുംമറ്റേതു കോടതിയിലോ ട്രിബ്യൂണലിലോ അല്ലെങ്കിൽ ഉചിതമായ ഫോറത്തിലോ ആരംഭിക്കുകയോ തുടർന്നുകൊണ്ടു പോകുകയോ ചെയ്യാവുന്നതാണ്. ഇക്കാര്യത്തിൽ അത്തരത്തിലുള്ള ഏതു കോടതിയുടെയും ട്രിബ്യൂണലിന്റെയും അനുയോജ്യമായ ഫോറത്തിന്റെയും അധികാരപരിധിക്ക് കീഴ്പെടുന്നതായി കാർഡുടമ ഇതിനാൽ ബോധിപ്പിക്കുന്നു.